**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല –കീഴല്ലൂർ ഗ്രാമപഞ്ചായത്ത്- 2013-2014 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 79,400/- (എഴുപത്തി ഒമ്പതിനായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ. (സാധാ)നം. 2103/18/തസ്വഭവ. തിരുവനന്തപുരം, തീയതി:31.07.2018**

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 23.01.2018 ലെ എം3/27339/17 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02.05.2018 ലെ കെ.എസ്.എ. 2759/പി.റ്റി.3/2018 നമ്പർ കത്ത്.

**ഉത്തരവ്**

കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കായി വികസന ഫണ്ട് ഉപയോഗിച്ച് ലാപ് ടോപ്പ് വാങ്ങിയ കാരണത്താൽ ചെലവ് തുകയായ 79,400/- (എഴുപത്തി ഒമ്പതിനായിരത്തി നാന്നൂറ് രൂപ മാത്രം) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 19.08.2016 ലെ 86/16(2)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുക അനുവദിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. 05.04.2013 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് ( ആർ . ടി )നം. 915/2013 പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ലാപ് ടോപ്പ് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട് . ഉത്തരവിലെ നിബന്ധന പ്രകാരം തനതു ഫണ്ട് /. ജനറൽ പർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് മാത്രമേ ലാപ്ടോപ്പ് വാങ്ങാൻ അനുവാദമുള്ളൂ . എന്നാൽ ഇവിടെ ഉത്തരവിലെ നിബന്ധന പാലിക്കാതെ വികസന ഫണ്ട് വകയിരുത്തിയാണ് ലാപ് ടോപ്പ് വാങ്ങിയത്. ആയതു വിശദീകരിക്കേണ്ടതിലേയ്ക്ക് കുറിപ്പ് നൽകിയെങ്കിലും പഞ്ചായത്ത് മറുപടി ഹാജരാക്കുകയുണ്ടായില്ല . ഈ കാരണത്താൽ ചെലവ് തുക 79,400/- രൂപ, ഓഡിറ്റ് തടസ്സപ്പെടുത്തി. ഫണ്ട് വകമാറ്റി ചെലവഴിച്ചതല്ലാതെ ധനാപഹരണമോ ധനനഷ്ടമോ ഈയിനത്തിൽ ഉണ്ടായിട്ടില്ലായെന്ന വസ്തുത പരിഗണിച്ചും , ഇത് സംബന്ധിച്ച് കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ യോഗതീരുമാനം, കണ്ണൂർ ജില്ലാതല മോണിറ്ററിങ് സമിതിയുടെ 39 മത് യോഗത്തിലെ 19-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും മേൽ ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ , തനതു ഫണ്ട് താരതമ്യേന ദുർബലമായതിനാലാണ് വികസന ഫണ്ട് ഉപയോഗിച്ച് കെൽട്രോണിൽ നിന്നും

ലാപ് ടോപ്പ് വാങ്ങിയത് എന്ന് മനസിലാകുന്നു . തനതു ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിച്ച് ലാപ് ടോപ്പുകൾ വാങ്ങുന്നതിനു തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.04.2013 ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട് . ഫണ്ട് വകമാറ്റി ചെലവഴിച്ചതല്ലാതെ ധനാപഹരണമോ ധനനഷ്ടമോ ഈയിനത്തിൽ ഉണ്ടായിട്ടില്ലായെന്ന വസ്തുത പരിഗണിച്ചും, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ഓഡിറ്റ് ഡയറക്ടറുടെ അനുകൂലമായ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലും കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2013-2014 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 - പ്രകാരം തടസ്സപ്പെടുത്തിയ തുകയായ 79,400 /-(എഴുപത്തി ഒമ്പതിനായിരത്തി നാനൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

സെക്രട്ടറി, കീഴല്ലൂർ പഞ്ചായത്ത്, കണ്ണൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**